**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

# ആരാധനവർഷാരംഭം

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

2025 നവംബർ 30-ാം തിയ്യതി ഞായറാഴ്ച സീറോ മലബാർ സഭ പുതിയ ആരാധനവർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. നമ്മുടെ രൂപതയിലെ ദൈവാരാധനയുമായി ബന്ധപ്പെട്ട ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. 2025 നവംബർ 29 ശനിയാഴ്ച വൈകുന്നേരത്തെ സായാഹ്ന പ്രാർത്ഥനയോടെ നാം മംഗളവാർത്ത കാലത്തിലേക്ക് പ്രവേശിക്കുകയാണ്.

2. ഈശോയുടെ പിറവിത്തിരുന്നാളിനൊരുക്കമായ ഇരുപത്തിയഞ്ച് നോമ്പ് ഡിസംബർ 1-ാം തിയതി തിങ്കളാഴ്ച ആരംഭിക്കും.

3. മംഗളവാർത്താകാലത്തിന്റെ ആദ്യദിനം മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രണ്ടാമത്തെ കൂദാശക്രമത്തിലാണ് (മാർ തെയോദോറിന്റെ ക്രമം) വിശുദ്ധ കുർബാന അർപ്പിക്കേണ്ടത്.

4. ആരാധന വത്സരത്തിലെ അഞ്ച് ദിവസങ്ങളിൽ മൂന്നാമത്തെ കൂദാശക്രമത്തിൽ (മാർ നെസ്തോറിയസിന്റെ ക്രമം) പരിശുദ്ധ കുർബാന അർപ്പിക്കണം. ദനഹാതിരുന്നാൾ, മൂന്നുനോമ്പിന്റെ ബുധനാഴ്ച, മാർ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ വെള്ളി, പെസഹാ വ്യാഴം എന്നിവയാണ് ആ ദിനങ്ങൾ.

5. നവംബർ 30ന് ആരംഭിക്കുന്ന ആരാധനവത്സരത്തിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കേണ്ടത് രണ്ടാംഗണം വായനകളാണ്. രണ്ടാം ഗണം വായനകൾ ഉൾക്കൊള്ളുന്ന പ്രഘോഷണഗ്രന്ഥങ്ങൾ (സുവിശേഷം & ലേഖനം) നമ്മുടെ സഭാകേന്ദ്രത്തിൽ നിന്നും 2023 നവംബറിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത വായന പുസ്തകങ്ങൾ രൂപതാകേന്ദ്രത്തിൽ ലഭ്യമാണ്.

ആരാധനവത്സരത്തിലെ കാലങ്ങളിലൂടെ രക്ഷാചരിത്രത്തിലെ ദിവ്യരഹസ്യങ്ങളെ കേന്ദ്രീകരിച്ച് മിശിഹാ അനുഭവം സ്വന്തമാക്കുവാനും ആഘോഷിക്കുവാനും നമുക്കു സാധിക്കട്ടെ.

സ്നേഹപൂർവ്വം,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

താമരശ്ശേരി
29.11.2025

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com